WEDNESDAY 25.07.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/07/2024

1. കൃഷിവകുപ്പ് സംസ്ഥാനതലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നൽകി വന്നിരുന്ന കർഷക അവാർഡുകൾക്ക് പുറമെ പുതിയതായി നാലു അവാർഡുകൾ കൂടെ ഉൾപ്പെടുത്തി ആകെ 41 അവാർഡുകളിലേക്ക് അപേക്ഷ ക്ഷണിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചു. കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രിസഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന **ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ്,** മികച്ച കാർഷിക ഗവേഷണത്തിന് നൽകുന്ന **എം.എസ് സ്വാമിനാഥൻ അവാർഡ്,** അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ (2023മില്ലറ്റ് പദ്ധതി) മികവോടെ നടപ്പിലാക്കിയ **കൃഷി ഭവനു നൽകുന്ന അവാർഡ്,** കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന **ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ്** എന്നീ നാല് പുതിയ അവാർഡുകളാണ് കൃഷി വകുപ്പ് ഈ വർഷം മുതൽ ഏർപ്പെടുത്തുന്നത്. അപേക്ഷകൾ അതാത് കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഇന്ന് **(25.07.2024) ആണ്.** കൃഷിഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമം നിർദ്ദേശം ചെയ്യാവുന്നതാണ്. **ക്ഷോണി സംരക്ഷണ അവാർഡിനുള്ള** അപേക്ഷകൾ അതായത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും **കർഷക ഭാരതി അവാർഡി**നുള്ള അപേക്ഷകൾ **27.07.2024** ന് മുൻപ് ലഭിക്കത്തക്കവിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടത്. അവാർഡ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് keralaagriculture.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

2. കർഷകദിനാചരണത്തോടനുബന്ധിച്ച് വെങ്ങാനൂർ കൃഷിഭവൻ വിവിധ വിഭാഗങ്ങളിലെ കർഷകരെ ആദരിക്കുന്നു. ഈ മാസം 31 ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. മലയിൻകീഴ് പഞ്ചായത്ത് കൃഷി ഭവനിൽ അത്യുൽപാദന ശേഷിയുള്ള തെങ്ങിൻതൈ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2284022 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (കോൺട്രാക്ട്) തസ്തികയിലെ ഒഴിവിലേക്കായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അഗ്രോണമിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർട്ടിഫിക്കറ്റ് അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 29ന് രാവിലെ 9.30ന് കൊക്കോ ഗവേഷണ കേന്ദ്രം വെള്ളാനിക്കരയിൽ അഭിമുഖത്തിന് എത്തിച്ചേരേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kau.in സന്ദർശിക്കുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:0487 2438451.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : 2024 ഓഗസ്റ്റ് 6. കോഴ്സ് ആരംഭിക്കുന്ന തീയതി 2024 ഓഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾ് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം